## സ്റ്റാറ്റ്യൂട്ടറി പ്രമേയം

**1974-ലെ കേരള കശുവണ്ടി ഫാക്ടറികൾ (വിലയ്ക്കെടുക്കൽ) ആക്ടിലെ (1974-ലെ 29-ാം ആക്ട്) 3 എ വകുപ്പിലെ (1)-ാം ഉപവകുപ്പിന്റെ പരിമിതി വ്യവസ്ഥ പ്രകാരമുള്ള പ്രമേയം**

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, ഒരു കശുവണ്ടി ഫാക്ടറിയെ സംബന്ധിച്ച് 2015-ലെ കേരള കശുവണ്ടി ഫാക്ടറികൾ (വിലയ്ക്കെടുക്കൽ) ഭേദഗതി ആക്ട് (2015-ലെ 13) പ്രാബല്യത്തിൽ വരുന്ന ദിവസത്തിന് മുമ്പ് അല്ലെങ്കിൽ അതിനുശേഷമുള്ള ഏതെങ്കിലും ദിവസം, മൂന്ന് മാസത്തിൽ കുറയാത്ത ഒരു കാലയളവിൽ അത് അടച്ചിടുകയും അങ്ങനെയുള്ള അടച്ചിടൽ ആ ഫാക്ടറിയിലെ ജോലിയിൽ ഏർപ്പെട്ടിട്ടുള്ള ഭൂരിപക്ഷം തൊഴിലാളികളെ പ്രതികൂലമായി ബാധിക്കുകയും ചെയ്തുവെന്നും, കശുവണ്ടി ഫാക്ടറി പുനരാരംഭിക്കുന്നതിന് സത്വര നടപടി ആവശ്യമാണെന്നും പൊതുതാൽപ്പര്യത്തിൽ അങ്ങനെ പുനരാരംഭിക്കേണ്ടത് ആവശ്യമാണെന്നും സർക്കാരിന് ബോധ്യമാകുന്ന പക്ഷം, ഗസറ്റിൽ പ്രസിദ്ധീകരിച്ച ഉത്തരവ് മുഖേന പ്രസ്തുത കശുവണ്ടി ഫാക്ടറി സർക്കാരിലേക്ക് കൈമാറ്റം ചെയ്യപ്പെട്ടിരിക്കുന്നതായും നിക്ഷിപ്തമാക്കപ്പെട്ടിരിക്കുന്നതായും പ്രഖ്യാപിക്കുന്നതിനായി 1974-ലെ കേരള കശുവണ്ടി ഫാക്ടറികൾ

(വിലയ്ക്കെടുക്കൽ) ആക്ടിലെ (1974-ലെ 29)3 എ വകുപ്പ് സർക്കാരിനെ അധികാരപ്പെടുത്തുന്നതിനാലും,

1974-ലെ കേരള കശുവണ്ടി ഫാക്ടറികൾ (വിലയ്ക്കെടുക്കൽ) ആക്ടിലെ (1974-ലെ 29) 3 എ വകുപ്പ് (1)-ാം ഉപവകുപ്പിന്റെ പരിമിതി വ്യവസ്ഥ പ്രകാരം, പ്രസ്തുത വകുപ്പ് പ്രകാരമുള്ള ഒരു ഉത്തരവ് പുറപ്പെടുവിച്ച തീയതി മുതൽ ആറുമാസക്കാലയളവിനുള്ളിൽ നിയമസഭ പാസ്സാക്കിയ ഒരു പ്രമേയത്തിന്റെ പിൻബലത്തിൽ അല്ലാതെ യാതൊരു ഉത്തരവും പ്രസിദ്ധീകരിക്കുവാൻ പാടില്ലാത്തതിനാലും,

2015 ആഗസ്റ്റ് 6-ാം തീയതിയിലെ സ.ഉ.(പി)110/2015/വ്യവ നമ്പരായി പുറപ്പെടുവിച്ചിട്ടുള്ളതും 2015 ആഗസ്റ്റ് 6-ാം തീയതിയിലെ 1842-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. 501/2015 ആയി പ്രസിദ്ധീകരിച്ചതുമായ പ്രസ്തുത ഉത്തരവിന്റെ 1-ാമത്തെ പട്ടികയിൽ പരാമർശിച്ച കശുവണ്ടി ഫാക്ടറികൾ അവയ്ക്ക് ഓരോന്നിനും നേരെ സൂചിപ്പിച്ചിട്ടുള്ള തീയതി മുതൽ പ്രാബല്യത്തോടുകൂടി പൊതു താൽപര്യാർത്ഥം, സർക്കാരിലേക്ക് കൈമാറ്റം ചെയ്യപ്പെട്ടിരിക്കുന്നതായും അതിൽ നിക്ഷിപ്തമാക്കപ്പെട്ടിരിക്കുന്നതായും, പ്രഖ്യാപിച്ചിട്ടുള്ളതിനാലും,

ഇപ്പോൾ, അതിനാൽ, 1974-ലെ കേരള കശുവണ്ടി ഫാക്ടറികൾ

(വിലയ്ക്കെടുക്കൽ) ആക്ടിലെ (1974-ലെ 29)3 എ വകുപ്പിലെ (1)-ാം ഉപവകുപ്പിന്റെ പരിമിതി വ്യവസ്ഥ പ്രകാരം നിയമസഭയുടെ ഒരു പ്രമേയം പാസ്സാക്കുന്നതിനായി ഈ സഭ ഇതിനാൽ തീരുമാനിക്കുന്നു എന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ.പി. മോഹനൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച സ്റ്റാറ്റ്യൂട്ടറി പ്രമേയത്തെ

അനുകൂലിക്കുന്നവർ ......

പ്രതികൂലിക്കുന്നവർ .......

സ്റ്റാറ്റ്യൂട്ടറി പ്രമേയം സഭ ഐകകണ്ഠേന അംഗീകരിച്ചിരിക്കുന്നു.